# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4840 04/07/2012 ൽ മറുപടിക്ക്

<u>എൽ. ഡി. ക്ലാർക്ക് (തമിഴ് - മലയാളം) തസ്തികയിൽ പരീക്ഷ</u>

| <u>ചോദ്യം:</u> | ഉത്തരം: |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 305/2007 നോട്ടിഫിക്കേഷൻ പ്രകാരം എൽ.ഡി. ക്ലാർക്ക് (തമിഴ്-മലയാളം) എന്ന തസ്തികയിൽ പരീക്ഷ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ തസ്തികയുടെ നോട്ടിഫിക്കേഷൻ വന്ന തീയതി എന്നാണ്; ഈ തസ്തികയ്ക്കായി പരീക്ഷ നടത്തിയത് എന്നാണ്; | (ബി) 15.9.2007ലെ ഗസറ്റ് വിജ്ഞാപന **പ്രകാരം** കാറ്റഗറി നമ്പർ 305/2007 ആയി LDC **(Various)** (Tamil & Malayalam Knowing) തസ്തിക**യുടെ** തിരുവനന്തപുരം, ഇടുക്കി, പാല**ക്കാട്** ജില്ലകളിലേയ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീ**കരി**ക്കുകയും, 11.10.2011ൽ പ്രസ്തുത തസ്തി**കയി**ലേക്കുള്ള പരീക്ഷ നടത്തുകയും ചെയ്തു. |
| (സി) പരീക്ഷാഫലം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ; | (സി) ഇല്ല. വിവരണാത്മക പരീക്ഷയായതി**നാൽ** കേന്ദ്രീകൃത മൂല്യനിർണ്ണയമാണ് പ്രസ്**തുത** പരീക്ഷയ്ക്ക് നടത്തിയത്. മൂല്യനിർണ്ണ**യം** പൂർത്തിയായിട്ടുണ്ട്. ഫലപ്രഖ്യാപനത്തി**നുള്ള** നടപടികൾ പി.എസ്.സി.യിൽ പുരോഗമിക്കു**ന്നു** |
| (ഡി) 2007-ൽ നോട്ടിഫിക്കേഷൻ വന്ന തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ? | (ഡി) തിരുവനന്തപുരം, ഇടുക്കി ജില്ലക**ളിൽ** ഒന്നും, പാലക്കാട് ജില്ലയിൽ മൂന്നും ഒഴി**വുക**ളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്**തിട്ടു**ള്ളത്. |

**സെക്ഷൻ ഓഫീസർ**